**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2083** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപന പ്രകാരം ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഫോറൻസിക്ക് സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ വിഭാഗങ്ങളിലെ സയൻറിഫിക്ക് ഓഫീസർമാരുടെ നിയമനത്തിന് യോഗ്യതയായി ചേർത്ത് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിൻറെ സജീവ പരിഗണയിലാണ്. ഭേദഗതി ചട്ടം പുറപ്പെടുവിക്കുന്നതിൻറെ പ്രാരംഭമായി 28.11.2023 ൽ സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും ഒരു യോഗം ചേരുകയും യോഗത്തിൻറെ നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുള്ളതുമാണ്. പ്രസ്തുത യോഗതീരുമാനത്തിൻറെ അടിസ്ഥാനത്തിലുള്ള വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ച് വിഷയം പരിശോധിച്ച് വിശേഷാൽ ചട്ടം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മറ്റ സംസ്ഥാനങ്ങളിൽ ഈ തസ്തികയിലേയ്ക്ക് ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദം നേടിയവരെയും പരിഗണിക്കുന്നതിനാൽ ഇവിടെയും അതിനനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ റൂൾ ഭേദഗതി ചെയ്യുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | മറ്റ യോഗ്യതകൾ ഉള്ളവരെ ഈ തസ്തികയിൽ നിയമിച്ച ശേഷം അവർക്ക് പരിശീലനം നൽകാൻ അയയ്ക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. |
| (ഇ) | അടിയന്തരമായി സ്പെഷ്യൽ റൂൾ ഭേദഗതി | (ഇ) | ഫോറൻസിക്ക് സയൻസ് ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | | വിഷയങ്ങൾ വിവിധ വിഭാഗങ്ങളിലെ സയൻറിഫിക്ക് ഓഫീസർമാരുടെ നിയമനത്തിന് യോഗ്യതയായി ചേർത്ത് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിൻ്റെ സജീവ പരിഗണനയിലാണ്. ആയതിൻ്റെ ഭാഗമായി 28.11.2023 ൽ സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും ഒരു യോഗം ചേരുകയും യോഗത്തിൻ്റെ നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്. യോഗതീരുമാനത്തിൻ്റെ അടിസ്ഥാനത്തിലുള്ള വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ച് വിഷയം പരിശോധിച്ച് വിശേഷാൽ ചട്ടം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | റൂൾ ഭേദഗതി നിലവിൽ വരുന്നത് വരെ ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദ യോഗ്യത ഉള്ളവർക്ക് അവസരം നിഷേധിക്കപ്പെടുമെന്നതിനാൽ നിലവിലെ പി.എസ്.സി. വിജ്ഞാപനം റദ്ദാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (എഫ്) | കെ.പി.എസ്.സി വിജ്ഞാപനത്തിന്മേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ